


# PRIME NEWS ANALYSIS

## Malayalam

**ACHARYA**
An influential mentor

www.acharyainfo.com AcharyaIAS.Academy

# കാർഷിക മേഖലയിലെ സ്ത്രീ-വത്കരണം

2011 ലെ സെൻസസ് പ്രകാരം രാജ്യത്തെ ഗ്രാമീണ മേഖലയിലെ 33 ശതമാനത്തോളം പുരുഷന്മാർ കൂടുതൽ മെച്ചപ്പെട്ട ജോലിതേടി മറ്റു സ്ഥലങ്ങളിലേക്ക് കുടിയേറുകയുണ്ടായിട്ടുണ്ട്. ഇത് വലിയതോതിൽ കാർഷികമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിക്കുന്നതിന് ഇടയാക്കി. ഈ സാഹചര്യത്തിൽ രാജ്യത്തെ നയരൂപീകരണത്തിൽ സ്ത്രീകൾക്ക് കൂടുതൽ സ്ഥാനം നൽകേണ്ടതായുണ്ട്.

## കാർഷികമേഖലയുടെ സ്ത്രീവത്കരണത്തിനുള്ള കാരണങ്ങൾ

### ജോലികളിലെ ലിംഗ-ഭേദം

രാജ്യത്തെ സാമൂഹിക ഘടനയനുസരിച്ച് പുരുഷന്മാർക്ക് കൂടുതൽ വിദ്യാഭ്യാസ സാഹചര്യം ലഭിക്കുകയും അതുകൊണ്ടുതന്നെ കൂടുതൽ നൈപുണ്യം ആവശ്യമായ തൊഴിലുകളും ഒപ്പം കായികാധ്വാനമുള്ള ജോലികളും പുരുഷന്മാർ നേടുകയും ചെയ്യുന്നു. ഇത്തരം ജോലികൾക്കായി പുരുഷന്മാർ മറ്റു സ്ഥലങ്ങളിലേക്ക് കുടിയേറുന്നതോടെ വീട്ടുജോലിയും ഒപ്പം കാർഷികവൃത്തിയും സ്ത്രീകളുടേതായി മാറുകയാണ്.

ACHARYA
An intellectual mentor

### ദാരിദ്ര്യം

ജീവിക്കാനാവശ്യമായ വരുമാനം സാധ്യമാകണമെങ്കിൽ സ്ത്രീകളുംകൂടി ജോലി ചെയ്യേണ്ടതായ സാഹചര്യം സൃഷ്ടിക്കുകയും അത് സ്ത്രീകളെ കാർഷികവൃത്തിയിലേക്ക് എത്തിക്കുകയും ചെയ്യുന്നു.

## കാർഷിക മേഖലയിലെ സ്ത്രീ-വത്കരണത്തിന്റെ അനന്തര ഫലങ്ങൾ

### ഗുണങ്ങൾ

- സ്ത്രീ ശാക്തീകരണം: കാർഷികവൃത്തിയിൽ സ്ത്രീപങ്കാളിത്തം വർദ്ധിക്കുന്നത് കുടുംബത്തിലെ വരുമാനം വർദ്ധിക്കുന്നതിനോടൊപ്പം

സ്ത്രീകൾ കുടുംബത്തിലും സമൂഹത്തിലും ശാക്തീകരിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു.

- ഭക്ഷണം ഉണ്ടാക്കുന്നത് പലപ്പോഴും സ്ത്രീകൾ ആണ് എന്നതുകൊണ്ടുതന്നെ അവർക്ക് പോഷകാഹാരത്തിന്റെ പ്രാധാന്യം കൂടുതൽ മനസിലാക്കുകയും നാച്ചുറൽ ഫാമിങ്ങിലേക്ക് അവർ പെട്ടന്ന് ആകർഷിക്കപ്പെടുകയും ചെയ്യുന്നു.

## പ്രശ്നങ്ങൾ

- കൂടുതൽ വരുമാനത്തിനായി പുരുഷന്മാർ മറ്റു സ്ഥലങ്ങളിലേക്ക് കൃഷി ഉപേക്ഷിച്ച് പോകുന്നതോടെ നിലവിൽ വീട്ടുജോലി ചെയ്തുകൊണ്ടിരുന്ന സ്ത്രീകൾക്ക് കാർഷികവൃത്തി എന്ന അധികഭാരം ചുമക്കേണ്ടി വരുന്നു.

- പങ്കാളിയുടെ സാമിപ്യം ഇല്ലാതാകുകയും ഒപ്പം അധിക ഉത്തരവാദിത്വം ഏറ്റെടുക്കുകകൂടി ചെയ്യേണ്ടതായി വരുന്നതോടെ സ്ത്രീകളിലെ മാനസിക പിരിമുറുക്കം വർദ്ധിക്കാൻ ഇടയാക്കുന്നു. ഇത് സ്ത്രീകളിൽ മനസികപ്രശ്നങ്ങൾ ഉണ്ടാക്കാൻ സാഹചര്യമൊരുക്കുന്നു.

ACHARYA
An influential mentor

- സ്വത്തവകാശം പലപ്പോഴും പുരുഷൻമാർക്കാണ് എന്നതുകൊണ്ടുതന്നെ കൃഷി ചെയ്യുമ്പോഴും കർഷക എന്ന് ഔദ്യോഗികമായി അംഗീകരിക്കാത്ത സാഹചര്യം ഉണ്ടാകുന്നു. ഇത് കർഷകർക്ക് ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കാത്ത സാഹചര്യം സൃഷ്ടിക്കുന്നു. 2015-16 ലെ കാർഷിക സെൻസസ് പ്രകാരം ഗ്രാമീണ മേഖലയിലെ 73.2 % സ്ത്രീകളും കാർഷികവൃത്തി ചെയ്യുന്നവരാണ്. എന്നാൽ അവരിൽ 12.8 ശതമാനം പേർക്ക് മാത്രമാണ് സ്വന്തമായി ഭൂമിയുള്ളത്.